**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***14** 23-01-2018 -ൽ മറുപടിക്ക്

**ദുരന്ത നിവാരണ അതോറിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി)** |
| എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന എപ്രകാരമാണ്; | എ) | 2005 ലെ ദുരന്ത നിവാരണ ആക്ട്(കേന്ദ്ര ആക്ട്) സെക്ഷൻ 14 പ്രകാരവും 2007 ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ മുഖ്യ മന്ത്രിയും, വൈസ് ചെയർമാൻ റവന്യൂ മന്ത്രിയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറിയുമാണ്. ചെയർമാനെ കൂടാതെ 9 അംഗങ്ങളെ പാട്ടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷി വകുപ്പ് മന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, ഹെഡ് (സയന്റിസ്റ്റ്) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവരാണ് നിലവിലെ മറ്റ് അംഗങ്ങൾ. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്കാണ് ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത അതോറിറ്റിയിൽ വിദഗ്ധരായ അംഗങ്ങളുടെ അഭാവം കാരണം ഓഖി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 18 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലകൾ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഈ ചുമതലകൾ നിർവഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ച ഉണ്ടായിട്ടില്ല. ആവശ്യാനുസരണം വിദഗ്ദരുടെ സേവനം അതോറിറ്റിക്ക് ലഭ്യമാണ്.<br>22-12-2017 ന് ബഹു: കേന്ദ്ര ആഭ്യന്തര മന്ത്രി പാർലമെന്റ് സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടുന്നത് ചുഴലിക്കാറ്റ് എന്ന് കേന്ദ്ര സർക്കാർ പോലും മനസിലാക്കുന്നത് 30-11-2017 ന് രാവിലെ 5.30 ന് മാത്രമാണ്; ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയത് 30-11-2017 ന് ഉച്ചക്ക് 11.55 ന് മാത്രമാണ് എന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.<br>എന്നാൽ 30-11-2017 ന് പകൽ 8.30 ന് ലക്ഷദ്വീപിന് Standard Operating Procedure പ്രകാരം ചുഴലി മുന്നറിയിപ്പ് (Cyclone Alert) കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. Deep Depression over Comorin area & Cyclone Alert for Lakshadweep Islands – ഈ ബുള്ളറ്റിനിൽ ആണ് ആദ്യമായി ചുഴലികാറ്റാണ് ഈ പ്രതിഭാസം എന്ന അറിയിപ്പ് നൽകുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017 ന് വൈകിട്ട് 5.30 ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ്. ഇവിടെ തെക്കൻ കേരള തീരത്തു 45-55 കി.മി. വേഗത്തിലും ചിലപ്പോൾ 65 കി.മി. വേഗത്തിലും കാറ്റ് ഉണ്ടാകും. അതിനാൽ മത്സ്യ തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉണ്ടായിരുന്നത്. ഇതോടൊപ്പം നൽകിയിരിക്കുന്ന ദിശാ സൂചനാ ഭൂപടത്തിൽ നൽകിയിരിക്കുന്നത് കേരള തീരത്ത് എത്താതെ |

| | | | |
|---|---|---|---|
| | | | ലക്ഷദ്വീപിലേക്ക് പോകുവാൻ സാധ്യതയുള്ള ഒരു ചുഴലിയാണ് ഇത് എന്നതാണ്. ലക്ഷദ്വീപിന് നൽകിയ മുന്നറിയിപ്പ് സൂചന ലഭിച്ചത് മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Standard Operating Procedure പ്രകാരം നടപടികൾ ആരംഭിച്ചു.<br>കേരളത്തിൽ ചുഴലികാറ്റിന്റെ ആഘാതം ഉണ്ടാകും എന്ന് ആദ്യമായി പ്രതിപാദിക്കുന്നത് 30-11-2017 ന് ഉച്ചക്ക് 12.00 മണിക്കാണ്. |
| സി) | ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | 11/12/2017-ലെ സ.ഉ(സാധാ)നം.84/2017/ഡി.എം.ഡി പ്രകാരം 10 ഹസാർഡ് അനാലിസ്റ്റുകളെ 10 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്.<br>ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ 06/12/2017-ലെ സ.ഉ(കൈ)നം.1/2017/ഡി.എം.ഡി പ്രകാരം ശ്രീ. രമൺ ശ്രീവാസ്തവ (റിട്ട. ഡി.ജി.പി), അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം, പ്രിൻസിപ്പൽ സെക്രട്ടറി ഫിഷറീസ്, ഡോ. അഭിലാഷ്, അസിസ്റ്റന്റ് പ്രൊഫസർ, കാലാവസ്ഥ നിരീക്ഷണ വകുപ്പ്, (കുസാറ്റ്), മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ